**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 568** **30-01-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. പുന:സംഘടനക്ക് ശേഷം എത്ര വ്യാപാരികൾക്ക് പുതിയതായി രജിസ്ട്രേഷൻ നൽകി എന്ന് വ്യക്തമാക്കാമോ; | (എ) | 28,488 വ്യാപാരികൾക്ക് ജി.എസ്.ടി. പുന:സംഘടനക്ക് ശേഷം പുതിയതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ബിനാമി/വ്യാജ രജിസ്ട്രേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) | ബിനാമി /വ്യാജ രജിസ്ട്രേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ രേഖകൾ ഉപയോഗിച്ച് രജിസ്ട്രേഷൻ നേടിക്കൊണ്ട് ചരക്ക് നീക്കം ഇല്ലാതെ, വ്യാജ ബില്ലുകൾ നല്കി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് നടത്തുന്ന ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന കാർട്ടലുകൾ കേരളത്തിലുമുണ്ട്. ചില വ്യക്തികളുടെ അറിവോടെയും മറ്റ് ചില വ്യക്തികളുടെ ജി.എസ്.ടി നിയമത്തെ സംബന്ധിക്കുന്ന അറിവില്ലായ്മയും മുതലെടുത്ത് അവരുടെ തിരിച്ചറിയൽ രേഖകൾ കൈക്കലാക്കി അത് ഉപയോഗിച്ച് രജിസ്ട്രേഷൻ എടുത്ത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴിയുള്ള വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്/ ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ അവർ നടത്തിയിട്ടുള്ള തട്ടിപ്പിന്റെ വ്യാപ്തി കണ്ടെത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴി വെട്ടിപ്പ് നടത്തിയ നികുതി തിരിച്ച് പിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യക്തികൾക്കെതിരെ പെനാലിറ്റി ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നടത്തിയ തട്ടിപ്പിന്റെ നികുതി മൂല്യം 5 കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ ജി.എസ്.ടി ആക്ടിലെ സെക്ഷൻ 69 പ്രകാരം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, ഏതെങ്കിലും ഒരു ചരക്കിന്റെ വിനിമയം നടത്തുന്നത് ബിനാമി/വ്യാജ രജിസ്ട്രേഷൻ വഴിയാണ് എന്ന് മനസ്സിലാക്കുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രസ്തുത സ്ഥാപനത്തിന്റെ മുഖ്യ പ്രവർത്തന സ്ഥലത്ത് അന്വേഷണം നടത്തി ടി സ്ഥാപനം ബിനാമി/വ്യാജ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ നേടിയാണ് പ്രവർത്തിക്കുന്നതെന്നും വിവിധ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാജ രേഖകൾ ഉപയോഗിച്ച് ഇത്തരത്തിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി വിവരം ലഭിക്കുന്ന ബിസിനസ്സ് സ്ഥലങ്ങളിൽ രഹസ്യാന്വേഷണം നടത്തി പ്രസ്തുത രജിസ്ട്രേഷൻ ബിനാമി/വ്യാജം ആണെന്നതിനുള്ള തെളിവ് ശേഖരിച്ച് അത്തരം തെളിവുകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും അത്തരക്കാർ കൈമാറ്റം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചു പിടിക്കുന്നതിനും ബിനാമി/വ്യാജ രജിസ്ട്രേഷൻ എടുത്ത വ്യക്തികൾക്കെതിരെ പെനാലിറ്റി ചുമത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | വാഹന പരിശോധന ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ചെക്ക് പോയിന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (സി) | വാഹന പരിശോധന പല സ്ഥലങ്ങളിൽ നിന്നാണ് നടത്തുന്നത്. വാഹന പരിശോധനയുടെ ഭാഗമായി പുതിയ ചെക്ക് പോയിന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ജി.എസ്.ടി നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ചെക്ക് പോയിന്റ് സംവിധാനങ്ങൾ സ്ഥിരമായി ഒരുക്കുവാൻ സാധ്യമല്ലെങ്കിലും അന്വേഷണവുമായി ബന്ധപ്പെട്ട സാഹചര്യങ്ങളിൽ ആവശ്യാനുസരണം ഫീൽഡിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും മറ്റു ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ചെക്ക് പോയിന്റ് സംവിധാനം ഒരുക്കി വാഹന പരിശോധന നടത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ